**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണം ലക്ഷ്യമിട്ടുള്ള സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നാളിതുവരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി 830 സ്മാർട്ട് വില്ലേജ് ഓഫീസ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും അതിൽ 538 പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (ബി) | വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് എന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം നിർമ്മിക്കപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദാംശം അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം/അറ്റകുറ്റപ്പണി/നവീകരണം/ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തി വരുന്നുണ്ട്. എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നു വരുന്നതും പൂർത്തിയാക്കിയതുമായ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ, ആയിരനെല്ലൂർ എന്നീ വില്ലേജ് ഓഫീസുകൾ<br><br>കോട്ടയം ജില്ലയിലെ മുണ്ടക്കയം വില്ലേജ് ഓഫീസ്<br><br>തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ വില്ലേജ് ഓഫീസ്<br><br>പാലക്കാട് ജില്ലയിൽ കൊപ്പം, കുത്തനൂർ-1 എന്നീ വില്ലേജ് ഓഫീസുകൾ<br><br>മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ തുവ്വൂർ വില്ലേജ് ഓഫീസ് പെരിന്തൽമണ്ണ താലൂക്കിലെ കാര്യവട്ടം വില്ലേജ് ഓഫീസ്<br><br>കോഴിക്കോട് ജില്ലയിലെ നന്മണ്ട, കക്കാട്, ചെറുവണ്ണൂർ, നൊച്ചാട് എന്നീ വില്ലേജ് ഓഫീസുകൾ.<br><br>കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ തൃപ്പങ്ങോട്ടൂർ സ്മാർട്ട് വില്ലേജ് ഓഫീസ്<br><br>മണ്ഡലത്തിലെ എല്ലാ വില്ലേജുകളും സ്മാർട്ടാക്കാൻ മറ്റ് സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി ജനപക്ഷം ചാത്തന്നൂർ എന്ന പദ്ധതിയിലൂടെ എം.എൽ.എ മണ്ഡലത്തിലെ എല്ലാ വില്ലേജുകളും സ്മാർട്ട് പദ്ധതിയിലേക്ക് ഉയർത്തിയിട്ടുണ്ട്.അതിനുപുറമേ, ഫലപ്രദമായ ഗ്യാപ് സ്റ്റഡി നടത്തി ആവശ്യകത ഉറപ്പുവരുത്തികൊണ്ട് , റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ടും പ്രയോജനപ്പെടുത്തി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ